നം.കെ.എസ്.എ–കെ.ടി.എം.പി.4/1681/2019 തീയതി : 26.11.2019

# കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.03.2019 മുതൽ 30.09.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 30.10.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു.സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2019 മുതൽ 30.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷീല വി.ആർ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമത സറീന പി.എ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബിനീത് രാജൻ | ഓഡിറ്റർ |

**(ബി) നിർവഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി.ഷേർളി രാജു | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി ലിറ്റി തോമസ്. | 01.04.2018 മുതൽ 15.11.2018 എഫ്.എൻ വരെ |
| | ശ്രീ.പ്രസാദ്.കെ.ആർ | 16.11.2018 മുതൽ 31.03.2019 വരെ |

**(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനിൽകുമാർ ടി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ഹാരിസ് എം. | 01.04.2018 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.അജോ ജോസഫ് | 01.04.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | ഡോ.സുധ.എ.പിള്ള<br>ഡോ.പി.എൻ.സുകുമാരൻ | 01.04.2018 മുതൽ 31.12.2018 വരെ<br>01.01.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ.സിന്ധു കുര്യാക്കോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | ഡോ.ശാലിനി ശിവദാസ് | 01.04.2018 മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അരുൺ കുമാർ എ.ജി. | 01.04.2018മുതൽ 05.09..2018വരെ |
| | ശ്രീ.സുനിൽ എ.പി. | 06.09.2018 മുതൽ 20.1.2018 വരെ |
| | അനീഷ് ലത്തീഫ് | 21.11.2018 മുതൽ 31.03.2019 വരെ |
| | സുഷ ഹരി | 01.04.2018 മുതൽ 17.01.2019 വരെ |
| | അനീഷ് ലത്തീഫ്<br>(അഡീഷണൽ ചാർജ്ജ്) | 18.01.2019 മുതൽ31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശശികല കെ.ആർ | 01.04.2018 മുതൽ 04.07.2018 വരെ |
| | ശ്രീമതി അജ്ജന ആർ.നായർ | 05.072018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ (എൽ.എസ്.ജി.ഡി.) | സനീഷ് കെ.ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | അംബിക.സി.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീരവികസന ഓഫീസർ | താരാ ഗോപാൽ | 01.04.18 മുതൽ 31.03.19 വരെ |

**(ഡി) ഉള്ളടക്കം**


| ഖണ്ഡിക നം. | വിഷയം |
|---|---|
| **ഭാഗം 1 – ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | വാർഷിക പദ്ധതി |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് ബാലൻസ് പരിശോധന |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |

| | |
|---|---|
| 1-7 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-8 | വസ്തുനികുതി പിരിവ് – അപാകതകൾ |
| 1-9 | വിവാഹ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുന്ന ഹാളിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാത്തത് |
| 1-10 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല |
| 1-11 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല |
| 1-12 | വാടക – നിയമാനുസൃത കരാർ ചമയ്ക്കുന്നതിൽ വീഴ്ച |
| 1-13 | തുമ്പൂർമൂഴി ജൈവമാലിന്യ സംസ്കരണം – നാളിതുവരെ പ്രവർത്തനസജ്ജമായില്ല |
| 1-14 | വിവിധ വാർഡുകളിൽ പ്ലാസ്റ്റിക് കളക്ഷൻ ബിന്നുകൾ – പരിപാലനത്തിൽ വീഴ്ച |
| 1-15 | ഗ്രാമപഞ്ചായത്ത് ഓഫീസ് സോളാർ പാനൽ – നാളിതുവരെ സ്ഥാപിച്ചില്ല |
| 1-16 | വാഹന വാടക – യൂസർ ഫീ ഇനത്തിൽ വലിയ കുറവ് |
| 1-17 | കൃഷി ഓഫീസിന് ഫോട്ടോകോപ്പിയർ – മുൻകൂർ തുക ഒടുക്കിയിട്ടും മെഷീൻ ലഭ്യമാക്കുന്നതിൽ അകാരണമായ കാലതാമസം |
| 1-18 | ലൈഫ് ഭവനപദ്ധതി – അവലോകനം |
| 1-19 | തെരുവു വിളക്കിന് മീറ്റർ നാളിതുവരെ സ്ഥാപിച്ചില്ല |
| 1-20 | വിവിധ ഡെപ്പോസിറ്റ് വർക്കുകൾ – വിനിയോഗവിവരമില്ല |
| 1-21 | മരുന്ന് ലഭ്യമായിട്ടില്ലാത്തത് സംബന്ധിച്ച് |
| 1-22 | ലൈഫ് മിഷൻ തുകകൾ പഴയ എസ്.എസ്.എ.അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 1-23 | തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾ – വിനിയോഗവിവരം ലഭ്യമല്ല |
| 1-24 | ന്യൂട്രിമിക്സ് – ഗുണമേന്മാ പരിശോധനാ റിപ്പോർട്ട് ലഭിച്ചില്ല |
| 1-25 | വെള്ളക്കരം – നാളിതുവരെ കുടിശിക അടവാക്കിയിട്ടില്ല |
| 1-26 | ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ – അപാകതകൾ |
| 1-27 | ബാരൽവിലയിനത്തിൽ ഈടാക്കിയ 1,64,124/- രൂപ സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല |
| 1-28 | വിവിധ സോഫ്റ്റ്‌വെയറുകളുടെ പരിമിതികൾ – ഫലപ്രദമായ ഉപയോഗം സാധ്യമാകുന്നില്ല |
| 1-29 | സർക്കാർ ഗ്രാന്റ് വിനിയോഗിച്ചുള്ള മരാമത്ത് വേല – അധികം കൈപ്പറ്റിയ 5130/- രൂപ |

| | |
|---|---|
| | കരാറുകാരൻ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച |
| 1-30 | അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണചുമതലയുണ്ടായിരുന്ന പ്രോജക്ടുകൾ – അപാകതകൾ |
| 1-31 | ഇ-ടെൻഡർ - ടെൻഡർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല |
| **ഭാഗം – 2 വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം – 3 ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 14.03.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | വാർഷികകണക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 63,74,350.20 | 1,07,94,390 |
| വരവ് | 1,05,192,000 | 6,57,04,395 |
| ആകെ | 11,15,66,350.20 | 7,64,98,785 |
| ചെലവ് | 1,10,047,000 | 6,18,41,503 |
| നീക്കിയിരിപ്പ് | 15,19,350 | 1,46,57,282 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്. 21.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം റിവൈസ്ഡ് ബജറ്റിനു പഞ്ചായത്ത് കമ്മറ്റി അംഗീകരം നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | |
|---|---|
| മുന്നിരിപ്പ് | 63,74,350.20 |
| വരവ് | 11,02,85,010 |
| ആകെ | 11,66,59,360.20 |
| ചെലവ് | 11,00,72,000 |
| നീക്കിയിരിപ്പ് | 65,87,360.20 |

### 1-2 ഫണ്ട് വിനിയോഗം

(എ)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10634636 | 10634636 | 10594636 | 40000 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2547000 | 2547000 | 2547000 | 0 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 122000 | 122000 | 122000 | 0 | |
| മെയിന്റനൻസ്, റോഡ് | 0 | 16662000 | 16662000 | 16662000 | 0 | |

| | | | | | | | |
|---|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2780000 | 2780000 | 2060815 | 719185 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6620693 | 6620693 | 4939000 | 1681693 | |
| ദുരിതാശ്വാസനിധി | | | | | | | |
| എം.ജി.എൻ.ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 9712097 | 9712097 | 9712097 | 0 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 8713 | 314807 | 323520 | 314019 | 9501 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | | | | | |
| | ജില്ലാ പഞ്ചായത്ത് | 0 | | | | | |
| ബി ഫണ്ട് | | 0 | 28680 | 28680 | 28680 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | ലഭ്യമല്ല | 6327935 | ലഭ്യമല്ല | 358402 | 596953 | |
| തനത് ഫണ്ട് | | 0 | 2035858 | 2035858 | 5793527 | * | |

*തനത് ഫണ്ടിന്റെ അക്കൗണ്ടിൽ മറ്റ് വരവുകൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ ആയതിന്റെ പ്രാരംഭബാക്കി നീക്കിയിരിപ്പ് തുകകൾ കൃത്യമായി നിർണ്ണയിക്കാനായിട്ടില്ല.

(ബി) ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 28,680 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 24,78,000 | 205 |
| വിധവാ പെൻഷൻ | 53,61,800 | 432 |
| വാർദ്ധക്യകാല പെൻഷൻ | 1,13,83,300 | 894 |
| വികലാംഗപെൻഷൻ | 24,41,600 | 199 |
| അവിവാഹിത പെൻഷൻ | 3,20,100 | 28 |

## 1-3 വാർഷികപദ്ധതി

**വാർഷികപദ്ധതി**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-1-18-ലെ 11/2018 നമ്പർ ഉത്തരവിലെ നിർദ്ദേശാനുസരണമുള്ള പ്രവർത്തനഘട്ടങ്ങളും നടപടിക്രമങ്ങളും പരമാവധി പാലിച്ചാണ് ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതി രൂപീകരിച്ചിട്ടുള്ളതെന്ന് ലഭ്യമായ രേഖകളുടെ പരിശോധനയിൽ ബോധ്യമാകുന്നു. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| വിവിധ ഘട്ടങ്ങൾ | തീയതി/പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച തീയതി |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിച്ചു. | 11-12-17<br>അജണ്ട- 2 |

| | |
|---|---|
| | തീരുമാനം-1 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 24-2-18 മുതൽ 3-3-18 വരെ |
| ഊരുകൂട്ടയോഗം | 6-2-18 |
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 8-2-18 |
| ഭിന്നശേഷി ഗ്രാമസഭ | 9-3-18 |
| വികസനസെമിനാർ | 22-3-18 |

അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ ചർച്ചചെയ്ത് ഓരോ വാർഡിലേയും ഗ്രാമസഭകളുടെ പുതിയ നിർദ്ദേശങ്ങളും ഉൾപ്പെട്ട പദ്ധതിനിർദ്ദേശങ്ങൾ 22-3-18-ലെ വികസനസെമിനാറിൽ വച്ച് വിശദമായ ചർച്ചകൾക്ക് വിധേയമാക്കി 2018-19 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്തു.

**പദ്ധതി അംഗീകാരം**

ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ചതിനുശേഷം വിവിധ തീയതികളിലെ കമ്മിറ്റിതീരുമാനപ്രകാരമുള്ള ഭേദഗതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ അന്തിമ വാർഷികപദ്ധതി 21-2-19ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. (തീരുമാനം-2(1)). ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 1.3.19ലെ ഉത്തരവ് നം. 490/18/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. വരവ് ചെലവ് പത്രികപ്രകാരം വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 6,03,18,916/-രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 216 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

**പദ്ധതിനിർവ്വഹണം**

അംഗീകാരം കിട്ടിയ 216 പ്രോജക്ടുകളിൽ 177 പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. ആകെച്ചെലവ് 4,77,31,023/- രൂപയാണ്. വാർഷികപദ്ധതിച്ചെലവ് 79.13%. വിശദാംശങ്ങൾ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരങ്ങൾ ഉൾപ്പെടെ ചുവടെ ചേർക്കുന്നു

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ചത് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 19,61,083 | 17,35,964 | 88% |
| വെറ്ററിനറി സർജൻ | 5 | 5 | 9,12000 | 853000 | 93 |
| വി.ഇ.ഒ.,ഉഴവൂർ | 8 | 7 | 1,28,87,153 | 96,80,485 | 75% |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 3,74,862 | 371,122 | 99 |
| ഐ.സിഡിഎസ്. സൂപ്പർവൈസർ | 7 | 7 | 34,26,223 | 33,58,767 | 98% |

| | | | | | |
|---|---|---|---|---|---|
| ഡി.ഇ.ഒ. | 2 | 2 | 8,52000 | 703145 | 82.52 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 38 | 37 | 82,29,038 | 70,58,709 | 85.77 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 14,26,300, | 11,80,766 | 82.78 |
| ഹെഡ് മാസ്റ്റർ | 7 | 7 | 5,76,099 | 5,18,354 | 89.97 |
| അസിസ്റ്റന്റ് എൻജിനീയർ | 128 | 92 | 2,80,69,158 | 2,07,08,660 | 73.77 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 1 | 1 | 550000 | 507051 | 92.19 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ, മോനിപ്പള്ളി | 2 | 2 | 8,80000 | 8,80000 | 100 |
| മെഡിക്കൽ ഓഫീസർ, | 2 | 2 | 175000 | 175000 | 100 |
| ആകെ | 216 | 177 | 6,03,18,916 | 4,77,31,023 | 79.13% |

വാർഷികപദ്ധതി- അവലോകനം.

നേട്ടങ്ങൾ

*വാർഷികപദ്ധതിക്കായി വിവിധ വിഭവസ്രോതസ്സുകളിൽ നിന്ന് വകയിരുത്തിയ തുകയുടെ 79% തുകയും ചെലവഴിച്ചിട്ടുണ്ട്.

*വികസനഫണ്ട് (ജനറൽ) 99 ശതമാനവും,എസ്.സി.പി., റ്റി.എസ്.പി - റോഡ്സംരക്ഷണഗ്രാന്റ് എന്നിവ 100% ചെലവഴിക്കാനായി.

*ഉത്പ്പാദനമേഖലയിലും സേവനമേഖലയിലും ആവിഷ്ക്കരിച്ച പ്രോജക്ടുകൾ ശതമാനവും നടപ്പാക്കി .

*ഊർജ്ജസംരക്ഷണം, മാലിന്യനിർമ്മാർജ്ജനം, പ്ലാസ്റ്റിക് നിയന്ത്രണം എന്നീ പ്രകൃതിരക്ഷാലക്ഷ്യങ്ങൾ മുൻനിർത്തി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കി.

കോട്ടങ്ങൾ

*കാർഷികമേഖലയിൽ തരിശ്ഭൂമികൾ കൃഷി ചെയ്യുന്നതിനും ജലസേചനപദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള സാധ്യതകൾ പരിഗണിച്ച് ഇതിനുവേണ്ടിയുള്ള പ്രോജക്ടുകളൊന്നും ആവിഷ്ക്കരിച്ചില്ല.

*വനിതാഗ്രൂപ്പുകൾക്ക് പച്ചക്കറിക്കൃഷിക്കായി 5.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഉത്പ്പാദനവർദ്ധനവ് , സ്വയംപര്യാപ്തത എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാനായിട്ടില്ല.

* ആസൂത്രണത്തിലെ അപാകതയും തുടർപ്രവർത്തനങ്ങളില്ലാത്തതും കാരണം പ്ലാസ്റ്റിക് നിർമ്മാർജ്ജനവും പ്രകൃതിരക്ഷയും ലക്ഷ്യമാക്കി നടപ്പാക്കിയ പ്ലാസ്റ്റിക് ബിൻ എന്ന പ്രോജക്ട്കൊണ്ട് പ്രസ്തുത ലക്ഷ്യം നേടാനായിട്ടില്ല.

*ജൈവമാലിന്യസംസ്കരണത്തിനായി 2 പ്രോജക്ടുകൾ പ്രകാരം 8 ലക്ഷത്തിലധികം രൂപ ചെലവഴിച്ചെങ്കിലും രണ്ട് പ്രോജക്ടുകളും ലക്ഷ്യം കൈവരിച്ചിട്ടില്ല.

*പശ്ചാത്തലമേഖലയിൽ വിവിധ അങ്കണവാടികൾ, ചെക്ക്ഡാം, കുടുംബക്ഷേമകേന്ദ്രം, റോഡുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി അംഗീകാരം കിട്ടിയ നിരവധി പ്രോജക്ടുകളുടെ നിർവ്വഹണം കരാർവച്ച് ഒരുവർഷത്തോളമായിട്ടും ആരംഭിച്ചിട്ടില്ല.

*റോഡ്കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ലാതെ വാർഡ്തലത്തിൽ ഫണ്ട് വിഭജിച്ച് ചെറിയ ചെറിയ റീച്ചുകൾക്കായിമാത്രം പ്രോജക്ട് ആവിഷ്കരിക്കുന്നതിനാൽ സ്ഥിരമായ റോഡ് വികസനം സാധ്യമാകാതെ വരുന്നു.

*പശ്ച്ചാത്തലമേഖലയിൽ ചിറയിൽക്കുളം നവീകരിക്കുന്നതിനായി ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളുടെ വിഹിതം ഉൾപ്പെടെ 12.5ലക്ഷം രൂപയോളം ചെലവഴിച്ച് ഒരു വശത്ത് പുതുതായി സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കുളത്തിന്റെ മറ്റ് വശങ്ങളെല്ലാം കാടുപിടിച്ച് ഉപയോഗിക്കുന്നില്ലാത്ത നിലയിലാണ്.

*നടപടിക്രമങ്ങളിലെ കാലതാമസംമൂലം യഥാസമയം തുക പിൻവലിക്കാൻ കഴിയാതെവരുന്നതിനാൽ ചെലവ് നടത്താൻവേണ്ടിമാത്രം പ്രോജക്ടുകൾ സ്പിൽ ഓവറായി ആവിഷ്കരിച്ചിട്ടുണ്ട്.

<u>വർക്കിംഗ് ഗ്രൂപ്പുകൾ നിയമാനുസൃത ചുമതല നിറവേറ്റിയിട്ടില്ല</u>

വിവിധ വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നു. പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സജീവമായിരുന്നു എന്ന് മിനിറ്റ്സിലെ രേഖപ്പെടുത്തലുകളിൽനിന്നും ബോധ്യമാകുന്നു. എന്നാൽ നിർവ്വഹണഘട്ടത്തിലും തുടർമോണിറ്ററിംഗിലും നിയമാനുസൃത ചുമതല നിറവേറ്റിയിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗവികസനം, ജനസേവനം കാര്യക്ഷമമാക്കൽ, ദാരിദ്ര്യലഘൂകരണം, ചെറുകിടവ്യവസായം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗമിനിറ്റ്സുകൾ തീയതി രേഖപ്പെടുത്താതെയും യോഗതീരുമാനങ്ങളെഴുതി പൂർത്തിയാക്കി ആധികാരികമാക്കാതെയും സൂക്ഷിച്ചിരിക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിനിർവ്വഹണം നിരീക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷികപദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണപുരോഗതി ഉറപ്പുവരുത്തുന്നതിനും പോരായ്മകളും അപാകതകളും യഥാസമയങ്ങളിൽ പരിഹരിക്കപ്പെടുന്നതിനും കഴിഞ്ഞില്ല. (ഉദാ- തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് പ്ലാന്റ്, പ്ലാസ്റ്റിക് ബിൻ സ്ഥാപിക്കൽ വിവിധ മരാമത്തുവേലകൾ ).

വർക്കിംഗ് ഗ്രൂപ്പുകൾ നിയമാനുസൃത ചുമതലകൾ നിറവേറ്റേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കേണ്ടതുമാണ്.

## 1-4 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രസീതുകൾ ചട്ടപ്രകാരം കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും രസീതുകളുടെ ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. സ്റ്റോക്കിലെടുത്തിരിക്കുന്ന രസീത് ബുക്കുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ മാത്രം അനുവദിക്കേണ്ടതും ആയതിന്റെ ഉപയോഗം പഞ്ചായത്ത് ജാഗ്രതയോടെ വീക്ഷിക്കേണ്ടതുമാണ്. രസീത് ബുക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, മാനവൽ രസീതുകളുടെ ഒടുക്കു വിവരങ്ങൾ തുടങ്ങിയവ മേലധികാരികൾ കൃത്യമായ പരിശോധന നടത്തുന്നില്ല എന്നു കാണുന്നു. രജിസ്റ്ററുകൾ കാര്യക്ഷമമായും കാലികമായും പരിപാലിക്കുന്നുണ്ട്. ഫയലുകളുടെ സൂക്ഷിപ്പും തൃപ്തികരമാണ്. ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളുടെയും നിയമ സാധുത പരിശോധിക്കുന്നതിനുള്ള ചുമതല സെക്ഷൻ ക്ലാർക്കിനും ഉപരിപരിശോധനയ്ക്കുള്ള ചുമതല അക്കൗണ്ടന്റിനും നൽകിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന്

പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു.

കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. അജണ്ടയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭ ചർച്ച ചെയ്തതായി കാണുന്നില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്കുകളുടെ മേൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റികളുടെ സജീവമായ ഇടപെടൽ ഉണ്ടായിട്ടില്ല. പദ്ധതിനിർവ്വഹണം മോണിട്ടർ ചെയ്യുന്നതിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും വീഴ്ച വരുത്തിയിട്ടുണ്ട്. ലോക ബാങ്ക് സഹായത്തോടെ നിർമ്മിച്ച പഞ്ചായത്ത് അനക്സ് കെട്ടിടത്തിന്റെ മുകൾനില ആ പദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തിനു അനുസൃതമായി വിനിയോഗിക്കുന്നില്ല.

## 1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2019-ന് അക്കൗണ്ടന്റ് ശ്രീ.ലാൽ കെ.ജി.യുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 75351/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.04.2019<br>09.04.2019 | 02/2019 | 09.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.12.2018 -27.12.2018 | 2013-14 – 2017-18 | 30.01.2019 |

## 1-7 വാർഷിക കണക്കുകളുടെ അവലോകനം

- ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 7-5-19 -ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2018-19 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 10794390/-രൂപയും തൻവർഷ വരവ് 76498785/-രൂപയും തൻവർഷചെലവ് 72635893/-രൂപയും വർഷാവസാന നീക്കിയിരിപ്പ് 14657282/-രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 87536214/-രൂപയും ആകെ ചെലവ് 81208861/-രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ വരുമാനത്തിൽ നിന്നും കുറവ് ചെയ്ത 113621/-രൂപ കിഴിച്ച് തൻവർഷത്തെ പ്രവർത്തനമിച്ചം 6213732/-രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.19 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 5,16,63,860.20 രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 4,41,34,873.20 രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 75,28,987/-രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യപത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ടതും ഓഡിറ്റ് വേളയിൽ നിലനിൽക്കുന്നതുമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ.(എം.എസ്.)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരം കണക്കാക്കിയ

31.3.19ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. ഇടപാടുകളില്ലാത്ത WGDP, OAP അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

5. RP(4) ഷെഡ്യൂൾ പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റ് ഇനത്തിൽ 2,06,049/- രൂപ വരവുണ്ട്. എന്നാൽ രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചില്ല.

6. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തി I-6 ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല.

7. അഡ്വാൻസ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല.

8.വികസന ഫണ്ട് (ജനറൽ)ആർ പി-7 ലെ തുകയും (1059436/-) ഐ-6 ലെ തുകയും (1059900) പൊരുത്തപ്പെടുന്നില്ല. എ സി ആർ പ്രകാരമുള്ള തുകയാണ് ആർ പി 7 ൽ രേഖപ്പെടുത്തിയിരിക്കുന്നത്.

9.സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ സൂക്ഷിക്കുന്നതിന് സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ഇവ പഞ്ചായത്തിന്റെ തനതു ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്.

## 1-8 വസ്തുനികുതി പിരിവ്-അപാകതകൾ

പഞ്ചായത്തിന്റെ മുഖ്യ വരുമാന സ്രോതസ്സായ വസ്തുനികുതി പിരിവ് കാര്യക്ഷമമായും ഊർജ്ജിതമായും നടപ്പിലാക്കുന്നതായി വാർഷിക കണക്കുകൾ, സഞ്ചയ സോഫ്റ്റ്‌വെയർ , ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവയിൽ നിന്നും വ്യക്തമാകുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും സവിശേഷശ്രദ്ധ പതിപ്പിക്കുന്നുണ്ട്. വസ്തുനികുതി പിരിവിൽ ഉണ്ടായ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതായി കാണുന്നില്ല.

| ക്രമ നം | വാർഡ് നം/കെട്ടിട നം | ഉടമസ്ഥന്റെ പേര്, വിലാസം | ഒടുക്കാനുള്ള നികുതി |
|---|---|---|---|
| 1 | 11 / 313 | ബി എസ് എൻ എൽ | 29771/- (13-14 മുതൽ) |
| 2 | 13 / 291 | ,, | 36960/-(16-17മുതൽ) |
| 3 | 13 / 292 | ,, | 1044(16-17മുതൽ) |
| 4 | 13 / 293 | ,, | 1044 (16-17മുതൽ) |
| 5 | 13 / 294 | ,, | 1044 (16-17മുതൽ) |
| 6 | 5 / 3A | ,, | 69048 (17-18മുതൽ) |
| 7 | 5 / 488 | വില്ലേജ് ഓഫീസ്, ഉഴവൂർ | 18478 (16-17മുതൽ) |

താഴെപ്പറയുന്ന മൊബൈൽ ടവറുകൾക്ക് നിർമ്മാണത്തിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിലും ആയവയുടെ വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല..

| | പെർമിറ്റ് ലഭ്യമായ സ്ഥാപനം | വാർഡ് നം. | പെർമിറ്റ് നമ്പർ , തീയതി |
|---|---|---|---|
| 1 | റിലയൻസ് ജിയോ ഇൻഫർകോം<br>32/2552-C<br>പി കെ ടവർ, ഫസ്റ്റ് ഫ്ളോർ, മാമംഗലം, | 2 | A7 BA(19349)/2018,10.08.2018 |

| | | | |
|---|---|---|---|
| | പാലാരിവട്ടം പി.ഒ. | | |
| 2 | ,, | 6 | A7 BA(193422)/2018,10.08.2018 |
| 3 | ,, | 3 | A7 BA(22036)/2019,14.1.19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.12/29.10.19) മറുപടി ലഭ്യമായില്ല. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-9 വിവാഹ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുന്ന ഹാളിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാത്തത്

പഞ്ചായത്തിലെ വിവാഹ രജിസ്ട്രേഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും സെന്റ് ജോസഫ് ചർച്ച് ഉദയഗിരിയുടെ ഹാളിൽവച്ച് വച്ച് വിവാഹങ്ങൾ നടക്കുന്നതായി വ്യക്തമായി. എന്നാൽ ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഫാറം 6 സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16) മറുപടി ലഭ്യമായില്ല. വസ്തുനികുതി നിർണ്ണയിച്ച് ഫാറം 6 സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-10 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

1996 ലെ KPR (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.<u>സ്ഥാപനതൊഴിൽനികുതി</u>

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | സിവിൽ സപ്ലൈ കോർപ്പറേഷൻ, ഉഴവൂർ | 2 -ാം അർദ്ധവർഷം |
| 2 | നീതി മെഡിക്കൽ സ്റ്റോർ, ഉഴവൂർ | 1,2 |
| 3 | ബി.എസ്.എൻ.എൽ. | 1,2 |
| 4 | റ്റി.എസ്.നം.62,ഉഴവൂർ | 1,2 |
| 5 | റ്റി.എസ്.നം.63,പയസ് മൗണ്ട് | 1,2 |

II. <u>നീതി മെഡിക്കൽ സ്റ്റോർ, ഉഴവൂർ 2018-19 സാമ്പത്തികവർഷം ലൈസൻസ് പുതുക്കിയിട്ടില്ല.</u>

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4) മറുപടിയായി ടി സ്ഥാപനങ്ങൾക്ക് നിയമാനുസരണം നോട്ടീസ് നൽകുന്നതും തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽനികുതിയും ക്രമ നമ്പർ (2) ൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനത്തിൽനിന്ന് ലൈസൻസ് ഫീസും ഈടിക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഫാക്ടറികൾക്കും

വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ അനുസരിച്ച് ലൈസൻസിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടു. ലൈസൻസ് അപേക്ഷയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിന് വേണ്ടി പരിഗണിക്കാത്ത സാഹചര്യം വ്യക്തമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഡി &ഒ ലൈസൻസിനായുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ശ്രേയസ്സ് ആയുർവേദ ഹോസ്പിറ്റൽ, ഉഴവൂർ | 3 |
| 2 | പടപ്പൻമാക്കിൽ സോമിൽ | 4 |
| 3 | കെമാർട്ട് ബേക്കറി & സൂപ്പർ മാർക്കറ്റ് | 7 |
| 4 | ജെൻ ഔഷധി മെഡിക്കൽ സ്റ്റോർ, ഉഴവൂർ | 2 |
| 5 | സെൻ്റ് സ്റ്റീഫൻസ് സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 2 |
| 6 | സ്റ്റാർ ഏജൻസിസ് | 2 |
| 7 | കള്ളു ഷാപ്പുകൾ (റ്റി.എസ്.നം.62, 63) | 1,2 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.(3) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-12 വാടക- നിയമാനുസൃത കരാർ ചമയ്ക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ തുടങ്ങിയവയുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1) കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ നിയമാനുസൃത കരാറുകളിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ വാടകയ്ക്ക് നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും വാടക കരാർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചേർക്കുന്നു.

| | കെട്ടിടം | വ്യക്തിയുടെ പേര് | മുറിയുടെ നമ്പർ |
|---|---|---|---|
| 1 | ഉഴവൂർ ഷോപ്പിംഗ് കോംപ്ലക്സ് | എം എം സൈമൺ | 5/459 |
| 2 | „ | പി കെ കരുണാകരൻ | 5/458 |
| 3 | മോനിപ്പള്ളി ഷോപ്പിംഗ് കോംപ്ലക്സ് | യു വി വർഗ്ഗീസ് | 13/378 |
| 4 | ഉഴവൂർ മാർക്കറ്റ് | പി ജെ ജോസഫ് | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (എൻക്വയറി നം.7/26.10.19) മറുപടിയിൽ വാടകക്കാരുമായുള്ള കരാറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്ത്

ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതാണ്. വാടക കൃത്യമായി ഈടാക്കുന്നതിനും ഭാവിയിൽ നിയമനടപടികൾ സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായാൽ ആയതിനും കരാർ പ്രധാനപ്പെട്ട രേഖയാണ്. കരാർ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യം ഗൗരവമായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

2)പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബി എസ് എൻ എൽ , ഉഴവൂർ 2018-19 വർഷത്തിൽ വാടക പൂർണ്ണമായി അടവാക്കിയിട്ടില്ല. നിലവിൽ 21434/- രൂപ കുടിശ്ശികയിനത്തിൽ അടവാക്കാനുള്ളതായി കാണുന്നു. വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി പഞ്ചായത്ത് അറിയിച്ചു. വാടക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
മേൽ വിഷയങ്ങളിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-13 തുമ്പൂർമുഴി ജൈവമാലിന്യ സംസ്കരണം - നാളിതുവരെ പ്രവർത്തനസജ്ജമായില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം ജൈവമാലിന്യ സംസ്കരണത്തിനായി തുമ്പൂർമുഴി മോഡലിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സ്കൂളുകളിലും പൊതു ഇടങ്ങളിലുമായി ആകെ 6 സ്ഥലങ്ങളിൽ പ്ളാന്റ് സ്ഥാപിക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രകാരം 2 പ്രോജക്ടുകൾ ആവിഷ്കരിച്ച് ഫണ്ട് ചെലവഴിച്ചു.

| പ്രോജക്ട് നമ്പർ | ഫണ്ട്, വകയിരുത്തൽ | ചെലവ് | ബിൽ നമ്പർ,തീയതി | സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | കരാർ തീയതി, പൂർത്തീകരണ കാലയളവ് |
|---|---|---|---|---|---|
| 149/19 | 57500(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>512700 (ശുചിത്വമിഷൻ ഗ്രാന്റ്) | 57500(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>512652 (ശുചിത്വമിഷൻ ഗ്രാന്റ്) | 36/18-19,24.11.18 | മാർക്കറ്റിനോട് ചേർന്ന്, മോനിപ്പള്ളിയിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന്. | 21/23.11.18<br>6 മാസം |
| 247/19 | 112500(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>1100000( ശുചിത്വമിഷൻ ഗ്രാന്റ്) | 25000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>217480( ശുചിത്വമിഷൻ ഗ്രാന്റ്) | 54/18-19,14.2.19<br>(ഒരു യൂണിറ്റിന് 218500 രൂപ) | ഒ.എൽ.എൽ എച്ച്.എസ്.എസ്(2യൂണീറ്റ്)<br>ഔർ ലേഡി, എച്ച്.എസ്(1 യൂണീറ്റ്)<br>സെന്റ് ജൊവാനാസ്, എൽ.പി (1 യൂണീറ്റ്)<br>ഹോളിക്രോസ്,എച്ച്.എസ് മോനിപ്പള്ളി(1യൂണീറ്റ്) | 23/7.1.19<br>6 മാസം |

ഐ.ആർ.റ്റി.സി നിർവ്വഹണ ഏജൻസിയായാണ് ടി പ്രോജക്ടുകൾ നടപ്പാക്കിയത്. ഐ.ആർ.റ്റി.സി.യുമായി 6 മാസം നിർവ്വഹണ കാലയളവ് നിശ്ചയിച്ച് കരാറിലേർപ്പെടുകയും ചെയ്തു.

28.10.19 ന് ഓഡിറ്റ് വേളയിൽ മേൽ സ്ഥലങ്ങളിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രോജക്ട് നമ്പർ 149/19 പ്രകാരം മാർക്കറ്റിനോട് ചേർന്നും, മോനിപ്പള്ളിയിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്നും ജൈവമാലിന്യ പ്ളാന്റിന്റെ ഷെഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും കംപോസ്റ്റ് പിറ്റുകൾ സ്ഥാപിച്ച് പ്ലാന്റുകൾ പ്രവർത്തനസജ്ജമായിട്ടില്ലയെന്നും കാണപ്പെട്ടു.

പ്രോജക്ട് നമ്പർ 247/19 ന്റെ നിർവ്വഹണത്തിൽ നിരവധി അപാകതകളുണ്ട്. ഒ.എൽ.എൽ

എച്ച്.എസ്.എസ്.ൽ 2 യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കംപോസ്റ്റ് പിറ്റുകൾ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടില്ല. മാത്രമല്ല ടി പ്ളാന്റ് സ്കൂളിൽ നിന്നും വളരെ അകലത്തിലായതിനാൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമാകുമോ എന്ന് വ്യക്തമല്ല. ഔർ ലേഡി എച്ച്.എസ്.-ൽ പ്ളാന്റ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല. പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലം ഏതെന്ന് വ്യക്തമല്ല. സ്കൂളിൽ സ്ഥലപരിമിതിയുള്ളതായി കാണുന്നു. സെന്റ് ജൊവാനാസ്, എൽ.പി(1 യൂണിറ്റ്)

ഹോളിക്രോസ് എച്ച്.എസ്.മോനിപ്പള്ളി (1യൂണിറ്റ്) ജൈവമാലിന്യ പ്ലാന്റിന്റെ ഷെഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ കംപോസ്റ്റ് പിറ്റുകൾ സ്ഥാപിച്ച് പ്രവർത്തനസജ്ജമായിട്ടില്ല.

ജൈവമാലിന്യ പ്ളാന്റ് നാളിതുവരെ പ്രവർത്തനക്ഷമമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം10). ആളുകൾക്ക് ഉപയോഗക്രമം സംബന്ധിച്ച് പരിശീലനം നൽകിയ ശേഷം ജൈവമാലിന്യ പ്ളാന്റിന്റെ പ്രവർത്തനം പൂർണ്ണസജ്ജമാക്കുമെന്നാണ് ലഭ്യമായ മറുപടി. അപാകതകൾ പരിഹരിച്ച് ജൈവമാലിന്യപരിപാലന പ്ളാന്റ് പ്രവർത്തന സജ്ജമാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിലേക്കായി 8,12,632/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 വിവിധ വാർഡുകളിൽ പ്ളാസ്റ്റിക് കളക്ഷൻ ബിന്നുകൾ -പരിപാലനത്തിൽ വീഴ്ച

പ്രോജക്ട് നമ്പർ -29/19

ചെലവ് -35250(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ -42/18-19, 24.11.18

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

വിവിധ വാർഡുകളിലെ പ്ളാസ്റ്റിക് മാലിന്യം ഹരിതകർമ്മസേനവഴി ശേഖരിച്ചശേഷം ബ്ളോക്ക് പഞ്ചായത്തിന്റെ പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലെത്തിക്കുകയാണ് പ്ളാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരിക്കുന്ന മാർഗ്ഗം. വീടുകളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നുമാണ് നിലവിൽ മാലിന്യം ശേഖരിക്കുന്നത്. അതു കൂടാതെ വിവിധ സ്ഥലങ്ങളിൽ 15 പ്ളാസ്റ്റിക് കളക്ഷൻ ബിന്നുകൾ (100 ലിറ്ററിന്റെ) സ്ഥാപിക്കുകയും അതിൽ കളക്ട് ചെയ്യുന്ന പ്ളാസ്റ്റിക് മാലിന്യം ഹരിതകർമ്മസേനവഴി നീക്കം ചെയ്യുകയുമായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ഡെൽറ്റാ എഞ്ചിനീയറിംഗ് ഉഴവൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് ബിന്നുകൾ വാങ്ങിയത്. പ്ലാസ്റ്റിക് ബിന്നുകൾ സ്ഥാപിച്ച ചില സ്ഥലങ്ങളിൽ 28.10.19-ൽ പ്രാദേശിക പരിശോധന നടത്തിയ വേളയിൽ മോനിപ്പള്ളിക്ക് സമീപമുള്ള എൻ.എസ്.എസ്.എൽ.പി.സ്കൂളിൽ സ്ഥാപിച്ച പ്ളാസ്റ്റിക് ബിൻ നിറഞ്ഞിരിക്കുന്നതായും ബിൻ സ്ഥാപിച്ചശേഷം (11/18ൽ) മാലിന്യം നീക്കം ചെയ്യാത്തതായും കണ്ടു. പള്ളിക്കവലയിൽ സ്ഥാപിച്ചിരിക്കുന്ന ബിൻ നിറഞ്ഞ് കവിഞ്ഞ് താഴെ ചിതറിക്കിടക്കുന്ന അവസ്ഥയിലാണ്. വാർഡ് 9 ലെ പകൽവീടിന് സമീപമുള്ള ബിൻ പൂട്ടിയിട്ട നിലയിലും മാലിന്യം താഴെ ചിതറി കിടക്കുന്ന അവസ്ഥയിലുമാണ്. കുടക്കപ്പാറ അങ്കണവാടിക്ക് സമീപമുള്ള ബിന്നും പൂട്ടിയിട്ടിരിക്കുകയാണ്. ഹരിതകർമ്മസേന പ്രവർത്തകർ ബിന്നുകളിൽ നിന്നും മാലിന്യം ശേഖരിക്കാത്തതുമൂലമാണ് ടി അവസ്ഥയുണ്ടായത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 13) നൽകുകയുണ്ടായി. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാസത്തിൽ 3 ദിവസം മാത്രമായതിനാലാണ് ടി അപാകതയുണ്ടായതെന്നും 16.10.19 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി ഹരിതകർമ്മസേനയുടെ പ്രവർത്തനം മാസത്തിൽ 7 ദിവസമാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. പ്രോജക്ടിനായുള്ള 35,250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 ഗ്രാമപഞ്ചായത്ത് ഓഫീസ് സോളാർ പാനൽ-നാളിതുവരെ സ്ഥാപിച്ചില്ല

പ്രോജക്ട് നമ്പർ - 42/19

ചെലവ് - 8,36,000/- (വികസനഫണ്ട്)

ബിൽനമ്പർ - 57,58/20.3.19

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ഗ്രാമപഞ്ചായത്ത് ഓഫീസ് വൈദ്യുതി സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 5KW ഓൺ ഗ്രിഡ് സോളാർ പ്ളാന്റും 2KW ഓഫ് ഗ്രിഡ് സോളാർ പ്ളാന്റും സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. അനർട്ട് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 5KW ഓൺ ഗ്രിഡ് സോളാർ പ്ളാന്റിന് 4,15,000/- രൂപയും 2KW ഓഫ് ഗ്രിഡ് സോളാർ പ്ളാന്റിന് 3,45,000/- രൂപയും സർവ്വീസ് ചാർജ് 76,000/- രൂപയും ഉൾപ്പെടെ 8,36,000/- രൂപ 20.3.19 ൽ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തു. 25.3.19 ൽ അനെർട്ടുമായി കരാറിലേർപ്പെടുകയും ചെയ്തു (കരാർ നമ്പർ 30/18-19,25.3.19). കരാർ പ്രകാരം പൂർത്തീകരണ കാലയളവ് 10 മാസമാണ്. സോളാർ പാനൽ സ്ഥാപിക്കാനായി രജിസ്ട്രേഷൻ ഫീസിനത്തിൽ 5,900/- രൂപ കെ.എസ്.ഇ.ബി യുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 19.9.19 ൽ അടവാക്കിയിട്ടുണ്ട്. കരാർ കാലയളവ് തീരാൻ 2 മാസം മാത്രമാണ് അവശേഷിക്കുന്നത്. എന്നാൽ നാളിതുവരെ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

കെ.എസ്.ഇ.ബി.യുടെ വിതരണ ശൃംഖലയുമായി പാനൽ ബന്ധിപ്പിക്കുന്നത് സംബന്ധിച്ചും ചാർജിനെ സംബന്ധിച്ചും കെ.എസ്.ഇ.ബി. യുമായി കരാറിലേർപ്പെട്ടിട്ടില്ല. അനർട്ടിന്റെ 22.08.19ലെ നം.28/Deposit work/ANERT(KT)/18-19 നം.കത്ത് പ്രകാരം 5KV ഓഫ്ഗ്രിഡ് സോളാർ പാനലിനു 2,37,402/- രൂപയാണ് ചെലവ് കാണിച്ചിരിക്കുന്നത്. എന്നാൽ 4,15,000/- രൂപയാണ് അടവാക്കിയത്. ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും കത്തിടപാടി നടത്തിയതായോ അധികമായി നിക്ഷേപിച്ച തുക തിരികെ ഈടാക്കുന്നതിന്/ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിതായോ കാണുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 15) നൽകുകയുണ്ടായി. അനെർട്ട് ടി പ്രോജക്ട് ടെണ്ടർ ചെയ്ത് 5KW ഓൺ ഗ്രിഡ് സോളാർ പ്ളാന്റ് സ്ഥാപിക്കുന്നതിന് ആഡ് ടെക് സിസ്റ്റംസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനും 2KW ഓഫ് ഗ്രിഡ് സോളാർ പ്ളാന്റ് സ്ഥാപിക്കുന്നതിന് ഇഗാടോക് എന്ന ഏജൻസിക്കും ടെണ്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ടെന്നും ഉടൻ പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തിയാക്കുമെന്നും അറിയിച്ചു. പദ്ധതി പൂർത്തിയാക്കിയ ശേഷം കെ.എസ്.ഇ.ബി.യുടെ വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുമെന്നും കരാറിലേർപ്പെടുകയും ചെയ്യുമെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് പ്രോജക്ട് പ്രവർത്തനലക്ഷ്യം കൈവരിച്ച് അറിയിക്കുന്നതിലേക്കായി 8,36,000/- രൂപയുടെചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 1-16 വയബിലിറ്റി ഗ്യാപ് ഫണ്ടും വാഹന വാടകയും - യൂസർ ഫീ ഇനത്തിൽ വലിയ കറവ്

പ്രോജക്ട് നമ്പർ - 34/19

ചെലവ് - 251066 (വികസനഫണ്ട്)

11599 (തനത് ഫണ്ട്)

ബിൽ നമ്പർ 15,16/21.11.18

18/26.12.18

19,20/5.2.19

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ.

വീടുകളിൽ നിന്ന് പ്ളാസ്റ്റിക് മാലിന്യം ശേഖരിക്കുന്ന ഹരിതകർമ്മസേന പ്രവർത്തകർക്ക് വേതനവും

മാലിന്യശേഖരണത്തിന് ഉപയോഗിക്കുന്ന വണ്ടിക്ക് കൂലിയും നൽകാനാണ് ടി പ്രോജക്ട് രൂപീകരിച്ചത്. ഒരു വാർഡിൽ നിന്നും 2 പേർ വീതം കണക്കാക്കി ആകെ 26 ഹരിതകർമ്മസേന പ്രവർത്തകരെ കണ്ടെത്തി 15.10.18 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(6) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തൻ വർഷം വേതനം, വണ്ടിക്കൂലി, യൂണീഫോം, നോട്ടീസ് പ്രിന്റിംഗ് ഇനങ്ങളിലായി 2,62,665/- രൂപ ചെലവഴിച്ചു. തൻവർഷം യൂസർഫീ ഇനത്തിൽ വീടുകളിൽ നിന്നും കളക്ട് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | തുക |
|---|---|
| 1/19 | 44139 |
| 2/19 | 11255 |
| 3/19 | 20902 |
| ആകെ | 76296 |

4/19 മുതൽ 17.10.19 വരെ 40,808/- രൂപയാണ് ആകെ യൂസർഫീ ഇനത്തിലെ വരവ്. 2018-19 ൽ മൂന്ന് മാസം കൊണ്ട് കളക്ട് ചെയ്ത തുകയുടെ പകുതിയോളം മാത്രമാണ് 2019-20 ൽ 7 മാസം കൊണ്ട് ഉണ്ടായത്. അതായത് യൂസർ ഫീസ് ഇനത്തിലെ കളക്ഷൻ ക്രമാനുഗതമായി കുറഞ്ഞുവരുന്ന അവസ്ഥ. വയബിലിറ്റി ഗ്യാപ് ഫണ്ടിനായി ആരംഭിച്ച പുതിയ അക്കൗണ്ടിൽ (നമ്പർ 40600101013214, കേരള ഗ്രാമീൺ ബാങ്ക്) 30.3.09 ൽ 76,341/- രൂപയും 17.10.19-ൽ 1,19,939/- രൂപയുമാണ് ബാക്കി നിൽക്കുന്നത്. യൂസർ ഫീസ് ഉയർത്തുന്നതിനും കളക്ഷൻ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18) യൂസർഫീ കളക്ഷൻ വർദ്ധിപ്പിക്കുന്നതിനായി ഹരിതകർമ്മസേനാംഗങ്ങളെ സഹായിക്കാൻ ഹരിതകേരള മിഷന്റെ മാർഗ്ഗനിർദ്ദേശപ്രകാരം പ്രോജക്ട് വെച്ചിട്ടുണ്ടെന്നും ഹരിത സഹായ സ്ഥാപനമായ പെലിക്കൺ ഫൗണ്ടേഷനുമായി കരാറിലേർപ്പെട്ടിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

അപാകതകൾ പരിഹരിച്ച് യൂസർഫീ കളക്ഷൻ വർദ്ധിപ്പിച്ച് പ്രോജക്ട് നിലനിർത്താനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 കൃഷി ഓഫീസിന് ഫോട്ടോകോപ്പിയർ - മുൻകൂർ തുക ഒടുക്കിയിട്ടും മെഷീൻ ലഭ്യമാക്കുന്നതിൽ അകാരണമായ കാലതാമസം

പ്രോജക്ട് നമ്പർ -268/19

ചെലവ് -55631( സംരക്ഷണഗ്രാന്റ് റോഡിതരം)

ബിൽ നമ്പർ - 6/18-19,15.3.19

നിർവ്വഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ

കൃഷി ഓഫീസിലേക്ക് A3 NETWORK MFP വിൻഡോസ് 10 ഫോട്ടോകോപ്പിയർ വാങ്ങുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. കെൽട്രോണിന്റെ ഇൻവോയ്സ് നമ്പർ 6331/28.2.19 പ്രകാരം ഫോട്ടോകോപ്പിയറിന് 55631/- രൂപ ഡിമാന്റ് ചെയ്തിരുന്നു. 28.2.19ലെ തുക കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന് ട്രാൻസ്ഫർ ചെയ്തതായും കാണുന്നു. ഫോട്ടോകോപ്പിയർ ഏത് സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയതെന്ന് വ്യക്തമല്ല. ഫോട്ടോകോപ്പിയർ ലഭ്യമായിട്ടുണ്ടെങ്കിൽ പർച്ചേസ് ബില്ലുൾപ്പെടെ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നും നാളിതുവരെ ലഭ്യമായിട്ടില്ലെങ്കിൽ അപാകതയ്ക്ക് വിശദീകരണം നൽകാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകി (നമ്പർ 22). ഇത് സംബന്ധമായ പോർട്ടലിൽ വിലയ്ക്ക് മാറ്റം വന്നതിനാൽ യഥാസമയം വർക്ക് ഓർഡർ നൽകുവാൻ സാധിക്കാതെ വന്നെന്നും പിന്നീട് ഫോട്ടോകോപ്പിയറിന്റെ വില 59,405/- രൂപയായി ഉയർന്നെന്നും എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. പുതിയ നിരക്ക് പ്രകാരം 3774/- രൂപ കൂടി അടച്ചാലെ പോർട്ടലിലൂടെ

വർക്ക് ഓർഡർ നൽകാനാവൂ എന്നും അതിനാൽ 2019-20 വർഷം കൂടുതലായി ആവശ്യമുള്ള തുക ഉൾപ്പെടുത്തി സ്പിൽ ഓവറായി പ്രോജക്ട് രൂപീകരിക്കുമെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം സഹിതം ലഭ്യമാക്കിയ മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. മുൻകൂർ തുക ഒടുക്കിയിട്ടും മെഷീൻ ലഭ്യമാക്കാത്ത നടപടി ക്രമപ്രകാരമല്ല. നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഫോട്ടോകോപ്പിയർ ലഭ്യമാക്കി വിവരം ആധികാരികമായ വിധം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖാമൂലം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 55,631/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ലൈഫ് ഭവനപദ്ധതി-അവലോകനം

ലൈഫ് രണ്ടാം ഘട്ട പ്രോജക്ടുമായി ബന്ധപ്പെട്ട് 3 പ്രോജക്ടുകളാണ് തൻ വർഷം നടപ്പിലാക്കിയത്. ആയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ,പേര് | അടങ്കൽ | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം | ഭവനം പൂർത്തി-യാക്കാത്തവർ |
|---|---|---|---|---|
| 228/19, ലൈഫ് ഭവനപദ്ധതി ജനറൽ | 2090000(വികസനഫണ്ട്)<br>904008(ബ്ലോക്ക് ഷെയർ)<br>570976(ജില്ലാപഞ്ചായത്ത് ഷെയർ)<br>4789024(വായ്പ) | 2090000(വികസനഫണ്ട്)<br>904008(ബ്ലോക്ക് ഷെയർ)<br>570976(ജില്ലാപഞ്ചായത്ത് ഷെയർ)<br>4789024(വായ്പ) | 26 | 17 |
| 236/19, ലൈഫ് ഭവനപദ്ധതി എസ്.റ്റി | 105900(വികസനഫണ്ട്)<br>32600(ബ്ളോക്ക് ഷെയർ)<br>39937(ജില്ലാപഞ്ചായത്ത് ഷെയർ) | 05900(വികസനഫണ്ട്)<br>32600(ബ്ളോക്ക് ഷെയർ)<br>39937(ജില്ലാ പഞ്ചായത്ത് ഷെയർ) | 1 | 1 |
| 229/19, ലൈഫ് ഭവനപദ്ധതി ജനറൽ | 569400(വികസനഫണ്ട്)<br>65980(ബ്ളോക്ക് ഷെയർ)<br>100158(ജില്ലാപഞ്ചായത്ത് ഷെയർ)<br>64462(വായ്പ) | 569400(വികസനഫണ്ട്)<br>65980(ബ്ളോക്ക് ഷെയർ)<br>100158(ജില്ലാപഞ്ചായത്ത് ഷെയർ)<br>64462(വായ്പ) | 2 | 2 |

ജനറൽ വിഭാഗത്തിലെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | സ്റ്റേജ് |
|---|---|---|---|
| 1 | സുഷമ, കണ്ടനാനിമലയിൽ | 360000 | വാർക്ക കഴിഞ്ഞു |
| 2 | ആലീസ് മാക്കിചാലിൽ | 360000 | തേപ്പ് കഴിഞ്ഞു |
| 3 | സാലിബേബി, തോട്ടുകര | 360000 | തേപ്പ് കഴിഞ്ഞു |

| | | | |
|---|---|---|---|
| 4 | മേരി സെബാസ്റ്റ്യൻ,കക്കാലിമറ്റത്തിൽ | 360000 | തേപ്പ് കഴിഞ്ഞു |
| 5 | രഞ്ചുപോൾ,അടിയനാൽ | 360000 | തേപ്പ് കഴിഞ്ഞു |
| 6 | ഷീലാ ഗോപാലൻ, മ്യാലിൽകരോട്ട് | 300000 | വാർക്ക കഴിഞ്ഞു |
| 7 | അമ്മിണി,കണിയാംപറമ്പിൽ | 360000 | തേപ്പ് കഴിഞ്ഞു |
| 8 | ലീലാമ്മ, ഇറുപുലംകാറ്റിൽ | 360000 | തേപ്പ് കഴിഞ്ഞു |
| 9 | വിജയകുമാരി, അരുകക്കാമലയിൽ | 300000 | വാർക്ക കഴിഞ്ഞു |

മേൽ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ അവസാന സ്റ്റേജുകളിലാണ്. ഭവനനിർമ്മാണം പൂർത്തിയാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-19 തെരുവു വിളക്കിന് മീറ്റർ - നാളിതുവരെ സ്ഥാപിച്ചില്ല

പ്രോജക്ട് നമ്പർ -5/19

ചെലവ് -400000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

256(തനത് ഫണ്ട്)

ബിൽ നമ്പർ-32/18-19,24.11.18

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

മരങ്ങാട്ടുപിള്ളി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 32 മീറ്ററുകൾ സ്ഥാപിക്കുന്നതിനായി 400256/- രൂപ ഇലക്ട്രിസിറ്റി ബോർഡിന് കൈമാറിയിട്ടുണ്ട്. 24.1.19 ൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 14) മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള ബോക്സുകൾ കെ.എസ്.ഇ.ബി സബ് ഡിവിഷൻ ഓഫീസിൽ എത്തിയിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തിയാക്കിയശേഷം ഓഡിറ്റിൽ അറിയിക്കാമെന്നുമാണ് മറുപടി ലഭ്യമായത്. പ്രവൃത്തി പൂർത്തിയാക്കി വിവരം അറിയിക്കുന്നതിലേക്കായി 4,00,256/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-20 വിവിധ ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗവിവരമില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് വിവിധ നിർവ്വഹണ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ വിനിയോഗവിവരം ലഭ്യമായില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | ബിൽ നമ്പർ, തീയതി |
|---|---|---|---|---|---|---|
| 1 | 125/19 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും കുടിവെള്ള | 190000 | 190000 | വാട്ടർ അതോറിറ്റി | 39/18-19 24.11.18 |

| | | | | | | |
|---|---|---|---|---|---|---|
| | | കണക്ഷൻ | | | | |
| 2 | 266/19 | കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 465000 | 465000 | വാട്ടർ അതോറിറ്റി | 39/18-19 24.11.18 |
| 3 | 13/19 | 6,7 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 529000 | 529000 | വാട്ടർ അതോറിറ്റി | 40/18-19 24.11.18 41/18-19 24.11.18 |
| 4 | 148/19 | അച്ചിക്കൽ വാർഡിൽ ഇലക്ട്രിക് ലൈൻ മാറ്റിവലിക്കലും പോസ്റ്റ് മാറ്റലും | 229933 | 229933 | ഇലക്ട്രിസിറ്റി ബോർഡ് | 30/18-19, 24.11.18 |
| 5 | 162/19 | വിവിധ വാർഡുകളിൽ മെയിൻ ദീർഘിപ്പിക്കൽ | 129193 | 129193 | ഇലക്ട്രിസിറ്റി ബോർഡ് | 7/18-19, 31.5.18 |
| 6 | 165/19 | 6,9 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 229500 | 229500 | വാട്ടർ അതോറിറ്റി | 37,38/18-19 24.11.18 |
| | | ആകെ | | 1772626 | | |

പ്രോജക്ടുകൾ പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കിയ ശേഷം വിവരം അറിയിക്കേണ്ടതാണ്. ആയതിലേക്കായി 17,72,626/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 മരുന്ന് ലഭ്യമായിട്ടില്ലാത്തത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം. | 18/18-19 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ചെലവ് | 63500/- |
| ഫണ്ട് | പൊതുവിഭാഗം സാധാരണ വിഹിതം |

കെ.ആർ.നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഉഴവൂർ എന്ന സ്ഥാപനത്തിന്റെ പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് മരുന്നു വാങ്ങാനായി 63500/- രൂപ ബിൽ നം. 9/18.03.2019പ്രകാരം കാരുണ്യ ഫാർമസി കോട്ടയം എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. എന്നാൽ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്ന് മരുന്നുകൾ ലഭിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20) 54562/- രൂപയുടെ മരുന്ന് ലഭ്യമായെന്ന് മറുപടി ലഭിച്ചു. അവശേഷിക്കുന്ന 8938/- രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. 8,938/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ലൈഫ് മിഷൻ തുകകൾ പഴയ എസ്.എസ്.എ അക്കൗണ്ടിൽ നിക്ഷേപിച്ചു

സർവ്വ ശിക്ഷ അഭിയാന്റെ ഭാഗമായി പഞ്ചായത്ത് ആരംഭിച്ച 67012387883 എന്ന അക്കൗണ്ടിൽ (എസ്.ബി.ഐ. ഉഴവൂർ ബ്രാഞ്ച്) 31.05.2015 മുതൽ യാതൊരു തരത്തിലുള്ള ഇടപാടുകളും നടക്കുന്നില്ലയെന്ന ഈ അക്കൗണ്ടുമായി ബന്ധപ്പെട്ട ബാങ്ക്ബുക്ക്, പാസ്സ്ബുക്ക് എന്നിവയിൽ നിന്നും വ്യക്തമാകുന്നു. ബാങ്ക് അക്കൗണ്ടിലുള്ള തുകയ്ക്ക് ബാങ്ക് ലഭ്യമാക്കുന്ന പലിശ വരവ് വയ്ക്കുക മാത്രമാണ് ചെയ്യുന്നത്. അക്കൗണ്ടിൽ ഇടപാടുകൾ ഇല്ലാതിരുന്നിട്ടും ആയത് ക്ലോസ് ചെയ്ത് ബാക്കി നിൽക്കുന്ന തുക ഫണ്ടിംഗ് ഏജൻസിക്കു തിരികെ നൽകിയിട്ടില്ല. 29/03/2019 ൽ സംസ്ഥാന സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ് മിഷന്റെ ഭാഗമായി പഞ്ചായത്തിനു ലഭ്യമായ തുകകൾ മേൽ അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവു ചെയ്ത് വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (പഞ്ചായത്ത് ലഭ്യമാക്കിയ ബാങ്ക്ബുക്ക് പ്രകാരം).

| | തീയതി | നിക്ഷേപം | പിൻവലിക്കൽ |
|---|---|---|---|
| 1 | 29/03/2019 | 530000 - KURDFC ലോൺ | |
| 2 | 30/03/2019 | | 530000 |
| 3 | 26/06/2019 | 1210000 – സംസ്ഥാന വിഹിതം | |
| 4 | 03/07/2019 | | 1110000 |
| 5 | ,, | | 360000 |
| 6 | 04/07/2019 | 360000 - KURDFC ലോൺ | |
| 7 | 23/07/2019 | | 100000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/24.10.19) നൽകിയ മറുപടിയിൽ എസ്.എസ്.എ. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഫണ്ടിംഗ് ഏജൻസിക്കു കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിവിധ ഫണ്ടിംഗ് ഏജൻസികൾ ലഭ്യമാക്കുന്ന തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്ത് സൂക്ഷിക്കേണ്ടതും പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ശേഷിക്കുന്ന തുക തിരികെ നൽകേണ്ടതുമാണ്.

## 1-23 തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾ - വിനിയോഗവിവരം ലഭ്യമല്ല

കാലവർഷക്കെടുതിയെ തുടർന്ന് ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ ദുരിതാശ്വാസ പ്രവർത്തനങ്ങളും ശുചീകരണപ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കണ്ടിജൻസി ഫണ്ട് ലഭ്യമല്ലാത്തതിനാൽ തനതുഫണ്ട് ലഭ്യമായ പഞ്ചായത്തുകളിൽ നിന്നും 10,000/- രൂപ സ്വരൂപിച്ച് ചെലവഴിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തനതുഫണ്ടിൽനിന്ന് വൗച്ചർ നം.218000448/23.8.2018 ചെക്ക് നം.11661 പ്രകാരം 10,000/- രൂപ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ജി4.6322/2018/22.8.2018 ലെ ഇതു സംബന്ധിച്ച കത്തിൽ തുക ലഭ്യമാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിനിയോഗസാക്ഷ്യപത്രം നൽകുന്നതാണെന്നും ടി തുക പിന്നീട് മടക്കി നൽകുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത തുക തിരികെ ലഭിച്ചതു സംബന്ധിച്ചുള്ള വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/28.10.2019) വിനിയോഗവിവരം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുകയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-24 ന്യൂട്രിമിക്സ്-ഗുണമേന്മാ പരിശോധനാ റിപ്പോർട്ട് ലഭിച്ചില്ല.

ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ഐസിഡിഎസ് സൂപ്പർവൈസറുടെ പൂരക പോഷകാഹാര വിതരണം എന്ന പ്രോജക്ട് പരിശോധിച്ചതിൽ 2018-19 വർഷം 6

മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി ഭാഗ്യശ്രീ അമൃതം ഫുഡ് പ്രോഡക്ട് , കുര്യനാട് എന്ന സ്ഥാപനത്തിൽ നിന്നാണ് ന്യൂട്രിമിക്സ് വാങ്ങിയിരിക്കുന്നത് എന്ന് കാണുന്നു. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18-02-2019 ICDS B3-312/2010 നമ്പർ കത്തിൽ ഓരോ രണ്ടുമാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലൂടെ വിതരണം ചെയ്ത അമൃതം മിക്സ് 2017-18 കാലയളവിൽ ചെന്നൈ ലാബിലേയ്ക്ക് അയച്ചിട്ടുള്ളതിന്റെ റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല എന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുള്ളത്. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധനാഫലം ലഭ്യമാകാറില്ല. മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട് ഇത്തരം പരിശോധനയുടെ ലക്ഷ്യം നിറവേറ്റപ്പെടുന്നില്ല. യഥാസമയം ഗുണനിലവാരം ഉറപ്പുവരുത്തി ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ വേണ്ടപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വെള്ളക്കരം - നാളിതുവരെ കുടിശ്ശിക അടവാക്കിയിട്ടില്ല

വെള്ളൂർ-വെളിയന്നൂർ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട 48 പൊതുടാപ്പുകളാണ് പഞ്ചായത്തിലുണ്ടായിരുന്നത്. എസ്.സി.കോളനികൾ, അങ്കണവാടികൾ, ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിലെ ഭൂരിഭാഗം ടാപ്പുകളും പ്രവർത്തനക്ഷമമല്ലായെന്ന് ബോധ്യപ്പെട്ടതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിന് പഞ്ചായത്തു കമ്മിറ്റി തീരുമാനമെടുക്കുകയും (11.12.2017-ലെ തീരുമാനം-11) സംയുക്തപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 17 ആയി നിജപ്പെടുത്തുകയും ചെയ്തിരുന്നു. വെള്ളക്കരമിനത്തിൽ 2017 നവമ്പർ മാസം വരെയുള്ള കുടിശ്ശികയായി 19,29,162/- രൂപയുടെ ഡിമാന്റ് നോട്ടീസ് വാട്ടർ അതോറിറ്റിയിൽനിന്നും ലഭിച്ചെങ്കിലും ഇത്രയും വലിയ തുക അടവാക്കുന്നതിനുള്ള തനതുഫണ്ട് ലഭ്യമല്ലാത്തതിനാൽ തുക കുറവ് ചെയ്ത് ലഭിക്കുന്നതിനുള്ള പഞ്ചായത്തിന്റെ അഭ്യർത്ഥന പരിഗണിച്ച് 11,21,820/- രൂപയാക്കി കുറച്ച് നൽകുകയുണ്ടായി. പ്രസ്തുത തുക അടവാക്കുന്നത് സംബന്ധിച്ച് 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക.3-2) പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ കുടിശികയോ അതാത് മാസത്തെ തുകയോ ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടില്ല. തുക അടവാക്കാതിരുന്നതിനാൽ പിഴപ്പലിശ ഉൾപ്പെടെ 31-3-19-വരെയുള്ള കുടിശ്ശിക 21,18,844/- രൂപയായി വർദ്ധിക്കുകയും ചെയ്തു. എന്നാൽ 2015 മുതൽ 17 ടാപ്പുകൾ മാത്രമാണ് പ്രവർത്തനക്ഷമായിരുന്നതെന്ന് പരിഗണിച്ച് കുടിശ്ശിക തുക ഒറ്റത്തവണ അടവാക്കുന്നതിന് അനുവദിക്കണമെന്ന് 29/1/2019 ലെ 1(2) നമ്പർ തീരുമാനപ്രകാരം പഞ്ചായത്തു കമ്മിറ്റി വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ വാട്ടർ അതോറിറ്റി ഈ അഭ്യർത്ഥന നിരസിക്കുകയാണുണ്ടായത്. ഇപ്രകാരം 06.08.2019 ൽ അടവാക്കാനുണ്ടായിരുന്ന തുകയായ 23,24,161/- രൂപയിൽ 8,78,006/- രൂപ കുറവു വരുത്തി 16,46,155/- അടയ്ക്കുവാൻ നിർദ്ദേശിച്ച് വാട്ടർ അതോറിറ്റിയുടെ കത്തു ലഭിച്ചെങ്കിലും ഓഡിറ്റ് തീയതിവരെ തുക അടവാക്കിയിട്ടില്ല. അടവാക്കേണ്ട തുക രണ്ട് തവണ കുറവ് ചെയ്ത് നൽകിയിട്ടും തുക അടവാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19) മറുപടിയായി കുടിശ്ശിക അടവാക്കുന്നതിന് 2019-20 വാർഷിക പദ്ധതിയിൽ പന്ത്രണ്ട് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ആയത് അടവാക്കുന്നതിനും ബാക്കി തുകയ്ക്ക് സാവകാശം ചോദിച്ച് വാട്ടർ അതോറിറ്റിക്ക് 19.10 2019 ൽ കത്തു നൽകിയിട്ടുണ്ടെന്നും അനുവദിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടെന്നും ടി തുക താമസം വിനാ അടവാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഓരോ മാസവും ഫൈൻ ഇനത്തിൽമാത്രം നാൽപ്പതിനായിരം രൂപയ്ക്കുമേൽ വരുന്നതിനാലും ഒരോ മാസത്തെയും ഫൈൻ ഉൾപ്പെടെയുള്ള ആകെ തുകയിൻമേൽ ഫൈൻ കണക്കാക്കുന്നതുമൂലവും ഫൈൻ ഇനത്തിലുള്ള ബാധ്യതയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ കുടിശ്ശിക അടിയന്തിരമായി അടവാക്കേണ്ടതാണ്. കൂടാതെ ഓരോ മാസത്തെയും ഡിമാന്റ് തുക അതാത് മാസംതന്നെ അടവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. വാട്ടർ അതോറിറ്റിയിൽ തുക അടവാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-26 ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകള് - അപാകതകൾ

ഹെഡ്മിസ്ട്രസ് നിർവഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

1)ധന ഇടപാടുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല. പഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരമുള്ള ധന ഇടപാടുകൾ സ്കൂളിന്റെ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2) പ്രോജക്ടുകൾ പ്രകാരം വാങ്ങുന്ന ഫർണ്ണിച്ചർ, കംപ്യൂട്ടറുകൾ തുടങ്ങിയവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കൃത്യമായ സ്റ്റോക്ക് സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

നിർവ്വഹണോദ്യോഗസ്ഥർ നിയമപ്രകാരമുള്ള രജിസ്റ്ററുകൾ, രേഖകൾ തുടങ്ങിയവ സൂക്ഷിക്കേണ്ടതും ആയത് ബന്ധപ്പെട്ട സ്റ്റാംൻഡിംഗ് കമ്മറ്റിയും പഞ്ചായത്ത് ഭരണസമിതിയും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്

## 1-27 ബാരൽ വിലയിനത്തിൽ ഈടാക്കിയ 1,64,124/-രൂപ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിങ്ങനെ വിവിധ സർക്കാർ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ റോഡുപ്രവൃത്തികളിൽ ടാർവീപ്പകളുടെ വിലയിനത്തിൽ കരാറുകാരിൽനിന്നും ഈടാക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർക്രെഡിറ്റ് ചെയ്തതായി കാണുന്നു.

വാർഷികകണക്ക് വരവുചെലവുപത്രിക ശീർഷകം 150120103 പ്രകാരം "sale Of Scrap ' എന്ന ഇനത്തിൽ 1,64,124/-രൂപ വരവ് ഉണ്ട്. റോഡ് ടാറിംഗ് വേലകൾക്ക് കരാറുകാരുടെ ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വിലയിനത്തിൽ ഈടാക്കുന്ന തുക തനതുഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകയാണിത്.

ബാരൽവിലയും ജി.എസ്.റ്റിയും ഉൾപ്പെടെ തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള മേൽതുക നിശ്ചിത ശീർഷകങ്ങളിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-28 വിവിധ സോഫ്റ്റ് വെയറുകളുടെ പരിമിതികൾ - ഫലപ്രദമായ ഉപയോഗം സാധ്യമാകുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തതും സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ പതിനാല് സോഫ്റ്റ്‌വെയറുകളാണ് നിലവിലുള്ളത്. എന്നാൽ പ്രസ്തുത സോഫ്റ്റ്‌വെയറുകളിൽ നിരവധി സാങ്കേതികപിഴവുകളും പരിമിതികളും ഉള്ളതായി കാണുന്നു. ആയതിനാൽ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും സുതാര്യതയും കൃത്യതയും ഉറപ്പുവരുത്തുന്നതിനും പൂർണ്ണമായും കഴിയുന്നില്ല. ആയത് വിവിധ സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം നേരിട്ട് പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഉഴവൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന വിവിധ സോഫ്റ്റ്‌വെയറുകളുടെ പരിമിതികൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സോഫ്റ്റ്‌വെയർ | ഉപയോഗം | നിലവിലെ പരിമിതികൾ |
|---|---|---|---|
| | സകർമ്മ | പഞ്ചായത്ത് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റികൾ | നിലവിൽ ഒരു പ്രത്യേക തീയതിയിലെ കമ്മിറ്റി തീരുമാനം മാത്രമായി സെലക്ട് ചെയ്ത് |

| | | | |
|---|---|---|---|
| | | തുടങ്ങിയ ഔദ്യോഗിക കമ്മിറ്റികളുടെ തീരുമാനങ്ങൾ | കണ്ടുപിടിക്കുന്നതിനുള്ള ഓപ്ഷൻ നിലവിലില്ല. |
| 1 | സുലേഖ | പദ്ധതിരൂപീകരണം , അംഗീകാരം നിർവ്വഹണം, പുരോഗതി വിലയിരുത്തൽ | സർക്കാർ ഇതരഗ്രാന്റുകളിൽ നിന്ന് വാർഷിക പദ്ധതിക്കായി ചെലവ് ചെയ്യുന്ന തുകകളുടെ വിവരം പ്രത്യേകമായി എന്റർ ചെയ്ത് നൽകിയാൽ മാത്രമേ സുലേഖയിൽ പ്രതിഫലിക്കുന്നുള്ളൂ. |
| 2 | സഞ്ചയ | വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് മുതലായ വരവിനങ്ങൾ കൈകാര്യം ചെയ്യുന്നതിന് | പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. |
| 3 | സേവന (സിവിൽ രജിസ്ട്രേഷൻ ) | ജനന മരണ വിവാഹ രജിസ്ട്രേഷനുകൾ നടത്തുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും | സേവന പെൻഷൻ സോഫ്റ്റ്‌വെയറുമായി സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടാലും പെൻഷൻ ലിസ്റ്റിൽ നിന്നും സ്വമേധയാ ഒഴിവാക്കപ്പെടുന്നില്ല. |
| 4 | സേവന (പെൻഷൻ) | സാമൂഹ്യസുരക്ഷാ പെൻഷനുകൾ, വിവിധ സാമൂഹ്യസുരക്ഷാ പദ്ധതികൾ എന്നിവ മുഖേനയുള്ള നൽകൽ | ആധാർ നമ്പർവേരിഫൈ ചെയ്തതിനുശേഷംമാത്രം ഡാറ്റാ എൻട്രി നടത്തുന്നതിനാൽ ആധാർ എടുക്കാൻ സാധിക്കാത്ത വികലാംഗരായ ഗുണഭോക്താക്കൾക്ക് പെൻഷൻ കൊടുക്കുവാൻ സാധിക്കുന്നില്ല. കൂടാതെ വികലാംഗപെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റൊരു ക്ഷേമപെൻഷനുംകൂടി അർഹതയുണ്ടെങ്കിലും സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പിഴവ്മൂലം ഡേറ്റാഎൻട്രി ചെയ്യുവാൻ സാധിക്കുന്നില്ല |
| 5 | സാംഖ്യ | അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് | സാംഖ്യാ സഞ്ചയ തുകകൾ പലപ്പോഴും പൊരുത്തപ്പെടാതെ വരുന്നു. |
| 6 | സ്ഥാപന | ജീവനക്കാരുടെ സേവന-വേതനവിവരങ്ങൾ | എ) ശമ്പളബിൽ തയ്യാറാക്കിയതിനുശേഷവും എഡിറ്റ് ചെയ്യാനുള്ള സൗകര്യം ഉള്ളതിനാൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കാനാവുന്നില്ല.<br>ബി) ഓരോ ജീവനക്കാരനെയും സംബന്ധിക്കുന്ന വിശദാംങ്ങൾ (psrsonal details) പ്രത്യേകമായി ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.<br>സി) സ്ഥാപനയും സാംഖ്യയും ലിങ്ക് |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടില്ലാത്തതിനാൽ അവധികൾ അനുവദിക്കുന്നത് എന്റർ ചെയ്ത് നൽകുമ്പോൾ മാത്രമേ ശമ്പളത്തിൽ വ്യത്യാസം പ്രതിഫലിക്കുന്നുള്ളൂ. മാത്രമല്ല ലീവ് അക്കൗണ്ടിൽ മാറ്റം പ്രതിഫലിക്കുന്നുമില്ല. |
| | സങ്കേതം | കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന് | പെർമിറ്റ് അപേക്ഷകൾ ഫീൽഡ്തല അന്വേഷണത്തിനും മറ്റ് പരിശോധനകൾക്കും ശേഷം റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട സെക്ഷൻ അന്തിമ തീർപ്പിനായി സെക്രട്ടറിക്ക് സമർപ്പിക്കുന്ന വേളയിൽ ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ വരുത്താൻ സെക്രട്ടറിയുടെ ലോഗിനിൽ നിന്നും സാധിക്കുന്നില്ല. |

പഞ്ചായത്തിന്റെ പ്രർത്തനങ്ങൾ വേഗത്തിലും സുഗമവും സുതാര്യവുമാക്കുന്നതിനുവേണ്ടി സജ്ജമാക്കപ്പെട്ട സാങ്കേതിക സംവിധാനങ്ങൾകൊണ്ട് നിശ്ചിത ലക്ഷ്യങ്ങൾ സാധ്യമാകുന്നില്ലാത്തപക്ഷം അവയുടെ പരിമിതികളും ആയത് മൂലമുണ്ടാകാവുന്ന പ്രശ്നങ്ങളും ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 സർക്കാർ ഗ്രാന്റ് വിനിയോഗിച്ചുള്ള മരാമത്ത് വേല - അധികം കൈപ്പറ്റിയ 5130/-രൂപ കരാറുകാരൻ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചു

| | |
|---|---|
| പ്രോജക്ട് | 120/19 - നമ്പർ അങ്കണവാടി മെയിന്റനൻസ് |
| അടങ്കൽ | 90000 ( മെയിന്റനൻസ് ഗ്രാന്റ്<br>90000 ( ധനകാര്യക്കമ്മീഷൻഗ്രാന്റ് )<br>ആകെ-180000- |
| ചെലവ് | 90000/- ബിൽനം - 183/10-1-19)<br>86,167/- ,, - 184/10-1-19)<br>ആകെ- 1,76,167/- |
| അളവുപുസ്തകം | |
| കരാറുകാരൻ | സുരേഷ് കുമാർ കെ.പി. |

പതിമൂന്നാം വാർഡിൽ 60-ാം നമ്പർ (കൊക്കരണി) അങ്കണവാടിയുടെ അറ്റകുറ്റപ്പണിയ്ക്കായി മേൽസൂചിപ്പിച്ച പ്രകാരം ആകെ 1,76,167/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ അളവുപുസ്തകത്തിൽ പ്രവൃത്തിയുടെ ആകെ മൂല്യം 1,71,037/- രൂപയെന്ന് നിർണ്ണയിച്ചിട്ടുണ്ട്. വേലമൂല്യത്തിൽനിന്നും നിയമാനുസൃത റിക്കവറികൾക്കുശേഷം കരാറുകാരന് അർഹമായ തുക 1,65,907/-രൂപ മാത്രമാണ്. എന്നാൽ 5130/- അധികം അനുവദിച്ചു.

രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിനുസരിച്ച് ( എൻക്വയറി നമ്പർ 11/28-10-19) അധികം നൽകിയ തുക കരാറുകാരൻ 30-1-19-ൽ പഞ്ചായത്ത് ഫണ്ടിലടവാക്കിയിട്ടുണ്ട് (രസീത് നം. 119050102897). പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-30 അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണചുമതലയുണ്ടായിരുന്ന പ്രോജക്ടുകൾ - അപാകതകൾ

1) മൂല്യനിർണ്ണയം നടത്തി ബിൽ തയ്യാറാക്കിയെങ്കിലും ട്രഷറിയിൽ സമർപ്പിച്ച് ചെലവ് നടത്തിയില്ല.

9-ാം വാർഡിൽ കാവുകാട്ട്-പുതുമന റോഡ് കോൺക്രീറ്റിംഗിനായി 2017-18 വർഷം 49,000/-രൂപ സംരക്ഷണഗ്രാന്റ് വകയിരുത്തി പ്രോജക്ടിന് അംഗീകാരം ലഭിക്കുകയും പ്രവൃത്തി നിർവ്വഹണം ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കൺവീനർ ശ്രീ.അഗസ്റ്റിൻ മാത്യുവുമായി 21-10-17-ൽ കരാർ ചമയ്ക്കുകയും ചെയ്തിരുന്നു. അളവുപുസ്തകം പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിച്ച് 8-11-17-ൽ അളവുകൾ രേഖപ്പെടുത്തി മൂല്യം നിർണ്ണയിച്ച് മെമ്മോറാണ്ടം ഓഫ് പേയ്മെന്റും തയ്യാറാക്കിയിരുന്നു. എന്നാൽ ട്രഷറിയിൽ ബിൽ തയ്യാറാക്കി സമർപ്പിക്കാത്തതിനാൽ തൻവർഷം തുക ചെലവായിട്ടില്ല. 31-7-18-ൽ മാത്രമാണ് ബിൽതുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുള്ളത്. ഇക്കാരണത്താൽ പ്രസ്തുത പ്രവൃത്തിയുടെ 2017-18-ലെ അലോട്ട്മെന്റ് നഷ്ടമാകുകയും 2018-19-ലെ വാർഷിക പദ്ധതിക്കുവേണ്ടിയുള്ള ഫണ്ടിൽനിന്നും ചെലവ് നടത്തേണ്ടിയും വന്നു.

11/2017-ൽ മൂല്യനിർണ്ണയം നടത്തിയ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി തുക ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടതിന് (എൻക്വയറി നം.17/29-10-19) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന സമയത്തെ നിർവ്വഹണോദ്യോഗസ്ഥന് സ്ഥലംമാറ്റം വന്ന സാഹചര്യത്തിൽ 18-12-17-ൽ ചാർജെടുത്തെങ്കിലും പെൻഡിംഗ് ഫയലുകൾ കൈമാറിയതിനൊപ്പം പ്രസ്തുത ഫയൽ ഉൾപ്പെടാതെ പോയതായും പിന്നീട് 2018 മാർച്ച് മാസത്തിൽ ബന്ധപ്പെട്ട കൺവീനർ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നടപ്പുസാമ്പത്തികവർഷത്തെ അലോട്ട്മെന്റ് തീർന്നുപോയതിനാലാണ് തുക അനുവദിക്കുന്നതിനുവേണ്ടി മാത്രം 2018-19-ൽ സ്പിൽ ഓവർ പ്രോജക്ടായി ആവിഷ്കരിച്ചതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ മാർച്ചുമാസത്തിൽ ട്രഷറിബിൽ തയ്യാറാക്കിയിരുന്നതായി ഫയലിൽ രേഖകളില്ല.

മരാമത്തുവേലകളുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും അശ്രദ്ധമായി കൈകാര്യം ചെയ്യുന്നതും ഫണ്ട് നഷ്ടപ്പെടുന്നതുമായ മേൽസാഹചര്യങ്ങൾ കർശനമായും ഒഴിവാക്കേണ്ടതാണ്.

2) കരാർവച്ച് പ്രവൃത്തിസ്ഥലം ഏറ്റെടുത്ത് മാസങ്ങൾ കഴിഞ്ഞിട്ടും കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

2018-19 വാർഷികപദ്ധതിയിൽ അംഗീകാരം ലഭിച്ചതും ടെൻഡർ നടപടികൾക്കുശേഷം തെരഞ്ഞെടുക്കപ്പെട്ട കരാറുകാരുമായി കരാർ ചമച്ച് സ്ഥലം കൈമാറി മാസങ്ങൾ കഴിഞ്ഞിട്ടും കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് | കരാറുകാരൻ | കരാർ തീയതി | സ്ഥലം കൈമാറിയ തീയതി |
|---|---|---|---|---|
| 1 | 257/19<br>51-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | ജയൻ ഫിലിപ്പ് | 27-2-19 | 27-2-19 |
| 2 | 13619<br>ഉഴവൂർ ഈസ്റ്റ് ഫാമിലി വെൽഫെയർ സെന്റർ | ,, | 28-10-18 | 29-10-18 |
| 3 | 241/19<br>ഇടക്കോലി ചെക്ക്ഡാം നിർമ്മാണം | ,, | 27-2-19 | 27-2-19 |
| 4 | 263/19<br>ഓട്ടത്തങ്ങാടി എൻ.എസ്.എസ്. | ,, | 27-2-19 | 27-2-19 |

| | | | | |
|---|---|---|---|---|
| | കരയോഗം റോഡ് | | | |
| 5 | 133/19<br>56-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | ,, | 29-10-18 | 29-10-18 |
| 6 | 123/19<br>ഉഴവൂർ ചേറ്റുകുളം അങ്കണവാടി (നം. 61)<br>മെയിന്റനൻസ് | ,, | 29-10-18 | 29-10-18 |
| 7 | 124/19<br>കരിനെച്ചി ഹെൽത്ത് സെന്റർ മെയിന്റനൻസ് | ,, | 29-10-18 | 29-10-18 |
| 8 | 121/19<br>മലരിക്കര അങ്കണവാടി (നം.48 ) | ,, | 29-10-18 | 29-10-18 |
| 10 | 127/19<br>പയസ് മൗണ്ട് പി.എച്ച്. സെന്റർ മെയിന്റനൻസ് | ,, | 29-5-18 | 29-10-18 |
| 11 | 118/19<br>മോനിപ്പള്ളി ഗവ.എൽ.പി.എസ്.മെയിന്റനൻസ് | ,, | 29-10-18 | 29-10-18 |

കരാർ പ്രകാരം അനുവദിക്കപ്പെട്ട കാലയളവ് കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണെന്നും പ്രവൃത്തി പൂർത്തീകരിക്കണമെന്ന് കാണിച്ച് കരാറുകാരന് രേഖാമൂലം നിർദ്ദേശം നൽകിയിരുന്നതാണെന്നും മറുപടി നൽകി. കൂടാതെ പെൻഡിംഗ് ബില്ലുകൾ മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് പ്രവൃത്തികൾ വൈകുന്നതെന്ന് കരാറുകാരൻ അറിയിച്ചതായും പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് നിയമപരമായ ഫൈൻ ഈടാക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കരാറുകാരൻ ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് അറിയിച്ചു.

കരാർവച്ച് സ്ഥലം ഏറ്റെടുത്തശേഷം കരാർപ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കുകപോലും ചെയ്യിട്ടില്ലാത്തത് പൊതുമരാമത്ത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമാണ്. മാത്രമല്ല ഒരു വാർഷികപദ്ധതിയിൽ ഏകവർഷ പ്രോജക്ടായി ആവിഷ്കരിക്കുന്നതും സ്പിൽഓവർവിഹിതം ലഭ്യമല്ലാത്തതുമായ ചെറിയ പ്രവൃത്തികൾ പോലും അതാത് സാമ്പത്തികവർഷം നടപ്പാക്കാത്തതിനാൽ നടപ്പുവർഷത്തെ അലോട്ട്മെന്റ് നഷ്ടമാകുന്നുവെന്ന് മാത്രമല്ല അടുത്ത വാർഷിക പദ്ധതിക്കുവേണ്ടിയുള്ള വിഹിതത്തിൽനിന്ന് ചെലവഴിക്കേണ്ടിയും വരുന്നു. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. കരാർ ലംഘനത്തിന് ടിയാനെതിരെ നടപടികൾ സ്വീകരിക്കേണ്ടതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3) ജാമ്യനിക്ഷേപമായി കരാറുകാർ ഹാജരാക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ Register Of Valuables-ൽ ചേർത്ത് സുരക്ഷിതമായി സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് പൊതുമരാമത്ത് പണികൾ നടത്തിപ്പ് ചട്ടങ്ങളനുസരിച്ച് കരാറുടമ്പടിയുടെ ഭാഗമായി ജാമ്യനിക്ഷേപമായി കരാറുകാർ ഹാജരാക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പണയപ്പെടുത്തി നൽകേണ്ടതും ആയവ ഗ്രാമപഞ്ചായത്തിന്റെ സ്ഥിരനിക്ഷേപസാക്ഷ്യപത്രങ്ങൾ സൂക്ഷിക്കുന്ന രീതിയിൽത്തന്നെ 'Registrer of valuables' -ൽ ചേർത്ത് സുരക്ഷിതമായി (കാഷ് ചെസ്റ്റ്) സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ മരാമത്തുവേലകളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ജാമ്യനിക്ഷേപമായി കരാറുകാർ ഹാജരാക്കിയിട്ടുള്ള ഒറിജിനൽ സ്ഥിരനിക്ഷേപ സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. എഫ്.ഡി.രസീതുകൾ വാല്യുവബിൾസിൽ ചേർത്ത് ചെസ്റ്റിലോ മറ്റ് രീതിയിൽ സുരക്ഷിതമായോ സൂക്ഷിക്കേണ്ടതാണ്.

## 1-31 ഇ ടെൻഡർ - ടെൻഡർഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല.

2018-19 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|
| 1 | 39/19 പയസ് മൗണ്ട് നീരുരുട്ടി റോഡ് കോൺക്രീറ്റിംഗ് | 6 | 1410+ ജി.എസ്.റ്റി | 8460+1524 |
| 2 | 41/19 കോഴംപ്ലാക്കൽ വെട്ടത്തുകണ്ടത്തിൽ ഉലകാമ്പുഴ റോഡ് ടാറിംഗ് | 3 | 2410+ ജി.എസ്.റ്റി | 7230+1302 ജി |
| 3 | 11/19 നെടിയാനിക്കുഴി നെട്ടമ്പാറപ്പുറം റോഡ് ടാറിംഗ് | 2 | 1500+ ജി.എസ്.റ്റി | 3000+540 |
| 4 | 25/19 ഊത്തുണിക്കൽ- വെള്ളമ്പാട്ട് റോഡ് റീടാറിംഗ് | 3 | 2410 +ജി.എസ്.റ്റി | 7230+1302 |
| | ആകെ | | | 25,960 +4668 |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉദ്ദേശത്തിനായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ആയതിനാൽ നിലവിലും ചീഫ്

എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ടെൻഡർഫീസ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. സർക്കുലറിലെ നിർദ്ദേശാനുസരണം ഇതിനായി പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതും ടെൻഡർ ഫീസിനത്തിലുള്ള തുക ടി അക്കൗണ്ടിൽ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ ഇനത്തിൽ 2018-19 വർഷത്തേതും മുൻവർഷങ്ങളിൽ ലഭ്യമാകാനുള്ള തുകയും കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.05.19 -25.05.19 | കെഎസ്എ.കെടിഎം.പി.4/772/2019/ 03.06.2019 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 4,00,000 | ചിറയിൻകുളം നവീകരണം | 4,00,000 | 4,00,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 5,00,000 | ചിറയിൻകുളം നവീകരണം | 5,00,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 50000 | ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 904008 | ലൈഫ് മിഷൻ ഭവനനിർമ്മാണം -ജനറൽ | 904008 | 50000 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 65980 | ലൈഫ് മിഷൻ ഭവനനിർമ്മാണം -എസ്.സി | 65980 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 32600 | ലൈഫ് മിഷൻ ഭവനനിർമ്മാണം -എസ്.റ്റി | 32600 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 150000 | ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 3,00,000 | ക്ഷീരകർഷകർക്ക് പാൽവില ഇൻസെന്റീവ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 570976 | ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനൽ | 570976 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100158 | ലൈഫ് മിഷൻ ഭവനനിർമ്മാണം -എസ്.സി | 100158 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 39937 | ലൈഫ് മിഷൻ ഭവനനിർമ്മാണം -എസ്.റ്റി | 39937 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ക്ഷീര കർഷകർക്ക് പാൽവില ഇൻസെന്റീവ് | 100000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ പേര് | ബിൽ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 125/19-വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും കുടിവെള്ള കണക്ഷൻ | 39/18-19 24.11.18 | 190000 | 0 | 190000 |
| വാട്ടർ അതോറിറ്റി | 163/19-പുൽപ്പാറ വാർഡിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 5/18-19 31.08.18 | 1000 | 0 | 1000 |
| വാട്ടർ അതോറിറ്റി | 165/19 – 6,9 വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 6/18-19 31.05.18 | 57981 | 0 | 57981 |
| വാട്ടർ അതോറിറ്റി | 165/19 -6,9വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 37,38/18-19 24.11.18 | 11519 | 0 | 11519 |
| വാട്ടർ അതോറിറ്റി | 165/19 -6,9വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | ,, | 160000 | 0 | 160000 |
| വാട്ടർ അതോറിറ്റി | 266/19 കുടുക്കപ്പാറ ചുരുണാപ്പാറ കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 39/18-19 24.11.18 | 465000 | 0 | 465000 |
| കെ.എസ്.ഇ.ബി. | 148/19 ആച്ചിക്കൽ വാർഡിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 30/18-19 24.11.18 | 229933 | 0 | 229933 |
| കെ.എസ്.ഇ.ബി. | 162/19 – വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 7/18-19 31.05.18 | 129193 | 0 | 129193 |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 13/19 – 6, 7 വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടർ | 40/18-19 24.11.18 | 529000 | 0 | 529000 |
| അനർട്ട് | 42/19- സോളാർപാനൽ സ്ഥാപിക്കൽ | 57,58/18-19 20.3.19 | 400000 | 0 | 400000 |
| അനർട്ട് | 42/19 -സോളാർപാനൽ സ്ഥാപിക്കൽ | 57,58/18-19 20.3.19 | 436000 | 0 | 436000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 48,53,486/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവനനിർമ്മാണം | | 4853486 | 0 | 0 | 0 | 4853486 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിൽ സ്ഥിര നിക്ഷേപം ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999/2000 | 3(3) | 4098 | ജോസ്,നെടുമ്പാറപ്പുറം, മോനിപ്പള്ളി | 18050105410,തീയതി 22/03/2019 |
| 1997/98 | 19-3(1) | 5650 | തോമസ് ജെയിംസ്,പൊട്ടാനിക്കൽ | 18050105514 തീയതി 25/03/2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998/99 | 7 ഡി | 2002-03 | 5-6(1) | അധികം തുക പിൻവലിച്ച് ക്രമക്കേട് നടത്തിയത് സംബന്ധിച്ച് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,57,04,395 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,64,49,952 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 39,21,333 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 8,12,632 | ശ്രീ.പ്രസാദ് കെ.ആർ., സെക്രട്ടറി |
| 1-14 | 35,250 | ശ്രീ.പ്രസാദ് കെ.ആർ., സെക്രട്ടറി |
| 1-15 | 8,36,000 | ശ്രീ.പ്രസാദ് കെ.ആർ., സെക്രട്ടറി |
| 1-17 | 55,631 | ശ്രീ.ഹാരിസ് എം., കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-19 | 4,00,256 | ശ്രീ.പ്രസാദ് കെ.ആർ., സെക്രട്ടറി |
| 1-20 (1, 2, 3, 4, 6) | 16,43,433 | ശ്രീ.പ്രസാദ് കെ.ആർ., സെക്രട്ടറി |
| 1-20(5) | 1,29,193 | ശ്രീമതി ലിറ്റി തോമസ്, സെക്രട്ടറി |
| 1-21 | 8,938 | ഡോ.പി.എൻ.സുകുമാരൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 39,21,333 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തീർപ്പാക്കാൻഅവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(1)/18/08.02.2018 |
| 1998-99 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(2)/18/08.02.2018 |
| 1999-2000, 2001-02(പ്ലാൻ) | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(3)/18/08.02.2018 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(4)/18/08.02.2018 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(6)/18/08.02.2018 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(4)/18/08.02.2018 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(7)/18/08.02.2018 |
| 2009-10, 2010-11 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(9)/18/08.02.2018 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി4/അദാ-2018/222(10)/18/08.02.2018 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി4/290/15/25.1.16 |

| | |
|---|---|
| 2013-14, 2014-15 | കെ.എസ്.എ-കെ.ടി.എം.പി.4/699/16/5.9.2016 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.4/483/17/23.5.17 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.4/1832/17/06.01.2017 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.4/1166/19/17.10.19 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-കെ.ടി.എം.പി4/1681/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി: 26.11.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ** വാർഷിക ധനനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**